# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3695**

**15.05.2017-ന് മറുപടിയ്ക്ക്**

## ഗ്രീൻ പ്രോട്ടോകോൾ

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
„ പി.ടി. തോമസ്
„ അടൂർ പ്രകാശ്
„ റോജി എം. ജോൺ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) അടുത്ത അദ്ധ്യയനവർഷം മുതൽ സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ 2016-2017 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി വരും വർഷങ്ങളിലും തുടരുന്നതാണ്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലാസ്റ്റിക് നിർമ്മിത ഉത്പന്നങ്ങൾ നിരോധിക്കുക, പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടുകൂടി എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 1 മുതൽ പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള കപ്പുകൾ എന്നിവ ഉപയോഗിക്കുവാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിക്ക് പുറമെ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതുമൂലം അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും ഗ്രീൻ പ്രോട്ടോകോൾനടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ